# കേരളസർവകലാശാല

നം.പി.ആർ.130/2023 തിരുവനന്തപുരം, തീയതി: 28/06/2023

## പത്രക്കുറിപ്പ്

### കേരളസർവ്വകലാശാലയിൽ ആധുനിക സൗകര്യങ്ങളോടെ നിർമ്മാണം പൂർത്തീകരിച്ച ഇഎംഎസ് ഹാളും വൈവിദ്ധ്യമാർന്ന ഇതരപദ്ധതികളും ഉദ്ഘാടനം ചെയ്തു..........

കേരളസർവ്വകലാശാലയിൽ ആധുനിക സൗകര്യങ്ങളോടെ നിർമ്മാണം പൂർത്തീകരിച്ച ഇഎംഎസ് ഹാൾ, ട്രാൻസലേഷണൽ റിസർച്ച് ആന്റ് ഇന്നൊവേഷൻ സെന്റർ (TRIC-KU), ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമി ഇന്റർനാഷണൽ സെന്റർ ഫോർ സ്റ്റഡി ആന്റ് റിസർച്ച്, എ.ആർ.രാജരാജവർമ്മ ട്രാൻസിലേഷൻ സ്റ്റഡി സെന്റർ, ഫിസിക്സ് പഠനവകുപ്പിന്റെ മൈക്രോവേവ് മെറ്റീരിയൽ ലബോറട്ടറി കെട്ടിടം, അയ്യപ്പപ്പണിക്കർ സ്മാരക ഫോറിൻ ലാംഗ്വേജസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം എന്നിവ ഡോ.ആർ.ബിന്ദു (ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി) നിർവ്വഹിച്ചു.

പുതുതായി തുടങ്ങുന്ന സെന്റർ ഫോർ അക്കാദമിക് ആന്റ് പ്രൊഫഷണൽ ട്രെയിനിങ് (C-APT) സെന്ററിന്റെ ഉദ്ഘാടനം ശ്രീ.വി.ശിവൻകുട്ടി (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) നിർവഹിച്ചു.

ഹരിതശോഭയോടെ നിർമ്മാണം പൂർത്തീകരിച്ച സുഗതകുമാരി സ്മൃതിവനത്തിന്റെ ഉദ്ഘാടനവും ശ്രീനാരായണ സാഹിത്യത്തിന്റെ വിവരണാത്മക ഗ്രന്ഥസൂചിയുടെ പ്രകാശനവും ശ്രീ.സജി ചെറിയാൻ (സാംസ്കാരിക വകുപ്പ് മന്ത്രി) നിർവഹിച്ചു.

അദ്ധ്യാപകർക്കായി പുതുതായി നിർമ്മിച്ച അപ്പാർട്ടുമെന്റ് അഡ്വ.വി.ജോയി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സെൻട്രൽ ലബോറട്ടറിയായ ക്ലിഫിന്റെ മൂന്നാം നിലയും ജീവനക്കാർക്കായി നിർമ്മിച്ച അപ്പാർട്ടുമെന്റുകളുടെയും ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ.(ഡോ.)മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്തു.

പ്രൊഫ.(ഡോ.)മോഹനൻ കുന്നുമ്മൽ (വൈസ് ചാൻസലർ) അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.കെ.എച്ച്.ബാബുജാൻ, ഡോ.എസ്.നസീബ്, ശ്രീ.ബി.പി.മുരളി, അഡ്വ.എ.അജികുമാർ, അഡ്വ.ബി.ബാലചന്ദ്രൻ, അഡ്വ.ജി.മുരളീധരൻ, പ്രൊഫ.കെ.ജി.ഗോപ്ചന്ദ്രൻ, ശ്രീമതി.രഞ്ചു സുരേഷ്, ശ്രീ.ആർ.അരുൺകുമാർ, ശ്രീ.പി.രാജേന്ദ്രകുമാർ, ഡോ.കെ.ബി.മനോജ്, ഡോ.കെ.ലളിത, ശ്രീ.ജി.ബിജുകുമാർ, ശ്രീ.എസ്.സന്ദീപ് ലാൽ, ഡോ.പി.എം.രാധാമണി (ക്യാമ്പസ് ഡയറക്ടർ), ശ്രീ.നവീൻ പി.എം. (ചെയർമാൻ, റിസർച്ചേഴ്സ് യൂണിയൻ), കുമാരി തേജസ്വിനി എം.സി. (ചെയർപേഴ്സൺ, ഡിപ്പാർട്മെന്റ്സ് യൂണിയൻ) എന്നിവർ പരിപാടിയിൽ സംസാരിച്ചു. രജിസ്ട്രാർ പ്രൊഫ.(ഡോ.) കെ. എസ്. അനിൽ കുമാർ നന്ദി പറഞ്ഞു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**